ഭൂമിവാതുക്കൽ ശുദ്ധജലവിതരണ പദ്ധതി

1176. [1780] ശ്രീ. പി. കെ. കെ. ബാവ :
,, എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലെ ഭൂമിവാതുക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ സംഭരണി ആയിട്ടും പൊതുജനങ്ങൾക്ക് ശുദ്ധജലം ലഭിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസത്തിന്റെ കാരണമെന്ത് ;

(സി) എത്രയും വേഗം ശുദ്ധജലം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് കാരണം.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

അരുവിപ്പുറം-ഓലത്താന്നി ശുദ്ധജലവിതരണ പദ്ധതി

1177 [1781] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെയ്യാറിൻകര താലൂക്കിൽ പെരുംപഴുതൂർ പഞ്ചായത്തിൽപ്പെട്ട അരുവിപ്പുറം, ഓലത്താന്നി ശുദ്ധജലവിതരണ പദ്ധതിയുടെ തുടങ്ങിയ പണി നിർത്തിവയ്ക്കാൻ ഉണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ജോലി പുനരാരംഭിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പണി നിർത്തിവച്ചിട്ടില്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

ഭൂഗർഭ ജലവികസനത്തിനുള്ള തുക

1178 [1782] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലവികസനത്തിനുവേണ്ടി 1986-87 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക എത്ര ;

(ബി) നെയ്യാറിൻകര താലൂക്കിൽ ഈ സാമ്പത്തിക വർഷത്തിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഈ വർഷം ഏതെല്ലാം ജില്ലകളിൽ എത്ര കുഴൽകിണർ കുഴിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly